بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 13.03.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## നബി ﷺ തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സ്വഹാബി **ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലാഹ്** رضي الله عنه വിന്റെ വിശ്വാസദീപ്തമായ വിവരണങ്ങൾ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ اَلرَّحْمٰنِ الرَّحِيْمِ مٰلِكِ يَوْمِ الدِّيْنِ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ഇന്ന് വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലാഹ് എന്നാണ്. വംശപരമ്പരയിൽ ഹദ്റത്ത് തൽഹയുടെ ഏഴാമത്തെ തലമുറ മുർറ ബിൻ കഅബ് എന്നയാളിൽ ചെന്ന് നബി ﷺ തിരുമേനിയോടും നാലാമത്തെ തലമുറ ഹദ്റത്ത് അബൂബക്കറിനോടും കൂടി ചേരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഉബൈദുല്ലാഹ് ഇസ്‌ലാമിക കാലഘട്ടം പ്രാപിച്ചിരുന്നില്ല. എന്നാൽ മാതാവ് ദീർഘകാലം ജീവിച്ചു. തിരുനബി ﷺ യിൽ വിശ്വസിച്ചുകൊണ്ട് സഹാബാക്കളിൽ ഉൾപ്പെടാനുള്ള സൗഭാഗ്യം ലഭിച്ചു. ഹിജ്റത്തിനുമുമ്പ് അവർ ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലാഹ് ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. എന്നിരുന്നാലും റസൂലുല്ലാഹ് ﷺ അദ്ദേഹത്തിനു യുദ്ധ മുതലിൽനിന്ന് ഒരു വിഹിതം നല്കുകയുണ്ടായി.

ഹദ്റത്ത് തൽഹ ഉഹദ് യുദ്ധത്തിലും അതുപോലെ മറ്റു യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. ഹുദൈബിയ്യാ സന്ധിയിലും അദ്ദേഹം സന്നിഹിതനായിരുന്നു. റസൂലുല്ലാഹ് ﷺ പത്തു പേർക്ക് അവരുടെ ജീവിത കാലയളവിൽ തന്നെ സ്വർഗത്തെ കുറിച്ച് സുവിശേഷ വാർത്ത നല്കിയിരുന്നു. അവരിൽ അദ്ദേഹവും ഉൾപ്പെടുന്നു. ആദ്യമായി ഇസ്‌ലാം സ്വീകരിച്ച എട്ട് പേരിലും ഹദ്റത്ത് അബൂബക്കർ മുഖേന ഇസ്‌ലാം സ്വീകരിച്ച അഞ്ചു പേരിലും ഹദ്റത്ത് ഉമർ സ്ഥാപിച്ച ശൂറ കമ്മിറ്റിയിലെ ആറ് അംഗങ്ങളിലും അദ്ദേഹം ഉൾപ്പെടുന്നു. വഫാത്തിന്റെ നേരത്ത് റസൂലുല്ലാഹ് ﷺ തിരുമേനി ഈ ആളുകളിൽ സംപ്രീതനായിരുന്നു.

യസീദ് ബിൻ റൂമാൻ നിവേദനം ചെയ്യുന്നു: ഒരിക്കൽ ഹദ്റത്ത് ഉസ്മാനും ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലായും ഹദ്റത്ത് സുബൈർ ബിൻ അവാമിന്റെ കൂടെ റസൂലുല്ലാഹ് ﷺ യുടെ സമക്ഷം ഹാജറായി. അവിടുന്ന് അവരുടെ മുമ്പാകെ ഇസ്‌ലാമിന്റെ സന്ദേശം വിവരിച്ചു. അവർക്ക് രണ്ടുപേർക്കും ഖുർആൻ ഓതി കേൾപ്പിച്ചു. ഇസ്‌ലാമിലെ അവകാശങ്ങളെ കുറിച്ചും വിവരിച്ചു. അല്ലാഹുവുമായുള്ള കൂടിക്കാഴ്ചയുടെ സൗഭാഗ്യത്തെ കുറിച്ച് അവർ രണ്ടുപേർക്കും വാഗ്ദാനവും നല്കപ്പെട്ടു. അപ്രകാരം ഹദ്റത്ത് ഉസ്മാനും ഹദ്റത്ത് തൽഹയും ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് അങ്ങയെ സത്യപ്പെടുത്തി. ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലാഹ് വിവരിക്കുന്നു: ഞാൻ ബുസ്റയുടെ അങ്ങാടിയിൽ ഉണ്ടായിരുന്ന സന്ദർഭത്തിൽ ഒരു യഹൂദ പുരോഹിതൻ, തന്റെ സിനഗോഗ് അതായത് ജൂതദേവാലയത്തിൽ നിന്നുകൊണ്ട് ഇങ്ങനെ പറയുന്നുണ്ടായിരുന്നു: യാത്രാസംഘത്തിനോടു ചോദിക്കുക, അവരിൽ ഹറമിൽനിന്ന് വന്ന വല്ലവരുമുണ്ടോ? ഞാൻ പറഞ്ഞു: അതെ ഞാനുണ്ട്. അയാൾ ചോദിച്ചു: അഹ്മദ് വെളിപ്പെട്ടുവോ? അപ്പോൾ ഹദ്റത്ത് തൽഹ അദ്ദേഹത്തോടു ചോദിച്ചു: ആരാണ് അഹ്മദ്? അയാൾ പറഞ്ഞു: അബ്ദുല്ലാഹ് ബിൻ മുത്തലിബിന്റെ മകൻ. അദ്ദേഹം അവതരിക്കുന്ന മാസം ഇതാണ്. അദ്ദേഹം അവസാന നബിയായിരിക്കും. അദ്ദേഹം അവതരിക്കുന്ന സ്ഥലം ഹറമായിരിക്കും. അദ്ദേഹം ഹിജ്റത്ത് ചെയ്യുന്നത് ഈന്തപ്പനത്തോട്ടങ്ങളും പാറകളുമുള്ള തരിശുഭൂമിയായിരിക്കും. നിങ്ങൾ അദ്ദേഹത്തെ ഉപേക്ഷിക്കരുത്. ഹദ്റത്ത് തൽഹ പറയുന്നു: അയാളുടെ വാക്കുകൾ എന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചു. ഞാൻ ദ്രുതഗതിയിൽ മക്കയിൽ തിരിച്ചെത്തി. പുതിയ സംഭവവികാസങ്ങളെ കുറിച്ച് അന്വേഷിച്ചു. ആളുകൾ പറഞ്ഞു: അൽഅമീനായ മുഹമ്മദ് ബിൻ അബ്ദുല്ലാഹ് നുബുവ്വത്ത് വാദിച്ചിരിക്കുന്നു. ഇബ്നു അബീ ഖഹാഫ (ഹദ്റത്ത് അബൂബക്കർ) അദ്ദേഹത്തെ പിൻപറ്റിയിരിക്കുന്നു. പറയുന്നു: ഞാൻ ഹദ്റത്ത് അബൂബക്കറിന്റെ അടുക്കലേക്കുപോയി. ഹദ്റത്ത് അബൂബക്കറിനോട് ഹദ്റത്ത് തൽഹ, ജൂതപുരോഹിതന്റെ കാര്യം പറഞ്ഞു: പിന്നീട് അവർ രണ്ടുപേരും റസൂലുല്ലാഹ് ﷺ യുടെ അടുക്കൽ ഹാജറായി. അങ്ങനെ ഹദ്റത്ത് തൽഹ ഇസ്‌ലാം സ്വീകരിച്ചു. ആ യഹൂദ പുരോഹിതൻ പറഞ്ഞ കാര്യം റസൂലുല്ലാഹ് ﷺ യേയും അവർ അറിയിച്ചു. റസൂൽ ﷺ അതുകേട്ട് സന്തോഷിച്ചു.

ഹദ്റത്ത് തൽഹ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നൗഫൽ ബിൻ ഖുവൈലദ് ബിൻ അദ്‌വിയ അദ്ദേഹത്തേയും ഹദ്റത്ത് അബൂബക്കറിനെയും ഒരു കയറിൽ ബന്ധിച്ചു. അതുകൊണ്ട് അദ്ദേഹത്തേയും ഹദ്റത്ത് അബൂബക്കറിനെയും ഖരീനൈൻ അഥവാ രണ്ടു കൂട്ടുകാർ എന്നും

വിളിക്കപ്പെടുന്നു. എതിർപ്പ് പ്രകടിപ്പിക്കുന്ന കാരണ ത്താൽ നൗഫൽ ഖുറൈശികളിൽ പ്രസിദ്ധനായിരുന്നു. ബന്ധിക്കപ്പെട്ടവരിൽ ഹദ്റത്ത് തൽഹയുടെ സഹോ ദരൻ ഉസ്മാൻ ബിൻ ഉബൈദുല്ലായും ഉണ്ടായിരുന്നു. നബി ﷺ യുടെ സമക്ഷം സേവനത്തിനായി ഇവർ ഹാജരാകാതിരിക്കുന്നതിനും അങ്ങനെ ഇസ്ലാം ഉപേ ക്ഷിക്കുന്നതിനുംവേണ്ടിയാണ് അവരെ ബന്ധിച്ചത്. ഇമാം ബൈഹഖി എഴുതുന്നു: നബി ﷺ ഇങ്ങനെ ദുആ ചെയ്തിരുന്നു: അല്ലാഹുവേ! അദ്വിയയുടെ ഉപ ദ്രവത്തിൽനിന്ന് നീ അവരെ രക്ഷിക്കേണമേ.

അബ്ദുല്ലാഹ് ബിൻ സഅദ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു: റസൂലുല്ലാഹ് ﷺ മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത സന്ദർഭത്തിൽ ഖറാർ എന്ന സ്ഥല ത്ത് നിന്നാണ് പുറപ്പെട്ടത്. ഇത് മദീനയിലെ ഒരു താഴ്വാരമായിരുന്നു. അങ്ങനെ ഖറാർ എന്ന സ്ഥല ത്ത്നിന്ന് പുറപ്പെട്ടപ്പോൾ സുബഹിയുടെ സമയം ഹദ്റ ത്ത് തൽഹ ബിൻ ഉബൈദുല്ലായുമായി അവർ കണ്ടു മുട്ടി. അദ്ദേഹം സിറിയയിൽനിന്ന് വന്ന കച്ചവട സംഘ ത്തിനോടൊപ്പം വരികയായിരുന്നു. അദ്ദേഹം റസൂ ലുല്ലാഹ് ﷺ യെയും ഹദ്റത്ത് അബൂബക്കറിനെയും സിറിയയിലെ വസ്ത്രം ധരിപ്പിച്ചു. മദീനവാസികളുടെ നീണ്ട കാത്തിരിപ്പിനെ കുറിച്ച് റസൂലുല്ലാഹ് ﷺ ക്ക് അറിവ് നല്കി. അപ്പോൾ റസൂലുല്ലാഹ് ﷺ വേഗത കൂട്ടി. ഹദ്റത്ത് തൽഹ മക്കയിലേക്ക് പുറപ്പെടുകയും ചെയ്തു. പിന്നീട് തന്റെ ജോലികൾ എല്ലാം അദ്ദേഹം പൂർത്തിയാക്കിയപ്പോൾ ഹദ്റത്ത് അബൂബക്കറിന്റെ കുടുംബത്തേയും കൂട്ടി മദീനയിൽ എത്തിചേർന്നു.

ഹദ്റത്ത് തൽഹയുടെ ചില ധനത്യാഗങ്ങൾ കണ്ട് തിരുനബി ﷺ അദ്ദേഹത്തെ ഫയ്യാദ് എന്ന് പ്രഖ്യാ പിച്ചു. അങ്ങനെ അദ്ദേഹം തൽഹത്തുൽ ഫയ്യാദ് എന്ന പേരിൽ വിളിക്കപ്പെട്ടാൻ തുടങ്ങി. മൂസാ ബിൻ തൽ ഹ, തന്റെ പിതാവായ തൽഹയിൽനിന്ന് നിവേദനം ചെയ്യുന്നു: റസൂൽ ﷺ ഉഹദ് ദിവസം ഹദ്റത്ത് തൽ ഹയുടെ പേര് തൽഹത്തുൽ ഖയ്ർ എന്നു വെച്ചു. ത ബൂക്, ദീ ഖർദ് യുദ്ധത്തിൽ തൽഹത്തുൽ ഫയ്യാദ് എ ന്നു വച്ചു. ഹുനൈൻ യുദ്ധ ദിവസം തൽഹത്തുൽ ജൂ ദ് എന്നും വച്ചു. അതിനെല്ലാം അർഥം ധർമ്മിഷ്ഠൻ, ഉ ദാരമതി എന്നിങ്ങനെയാണ്.

സായിബ് ബിൻ യസീദിൽനിന്നു നിവേദനം, ഞാൻ യാത്രകളിലും അല്ലാതെയും ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലായുടെ കൂടെ ഉണ്ടായിട്ടുണ്ട്. പണം, വസ് ത്രം, ഭക്ഷണം എന്നിവയുടെ കാര്യത്തിൽ അദ്ദേഹത്തെ ക്കാൾ ദാനശീലനായി ഞാൻ ആരെയും കണ്ടിട്ടില്ല.

ഹദ്റത്ത് തൽഹ ഉഹദ് ദിവസം നബി ﷺ യോടൊ പ്പമുണ്ടായിരുന്നു. ആ ദിവസം റസൂൽ ﷺ യോടൊ പ്പം സ്ഥൈര്യം പ്രകടിപ്പിച്ചവരിൽ അദ്ദേഹവും ഉണ്ടാ യിരുന്നു. മരിക്കാൻപോലും തയ്യാറാണെന്ന് ബയ്അ ത്ത് ചെയ്തു. മാലിക് ബിൻ ഉഹീർ റസൂലുല്ലാഹ് ﷺ തിരുമേനിയുടെ നേരെ അമ്പെയ്ത്തപ്പോൾ ഹദ്റത്ത് തൽഹ റസൂലുല്ലാഹ് ﷺ യുടെ തിരുമുഖം തന്റെ കൈ കൊണ്ട് രക്ഷിച്ചു. അമ്പ് അദ്ദേഹത്തിന്റെ ചെറുവിര ലിൽ തറച്ചതിനാൽ അത് നിർജീവമായി പോയി. ഉഹ ദ് യുദ്ധവേളയിൽ ഒരു മുശ്രിക് ഹദ്റത്ത് തൽഹയുടെ തലയിൽ രണ്ട് പ്രാവശ്യം മുറിവ് ഏല്പ്പിച്ചു. അതുകാര ണം ധാരാളം രക്തം വാർന്നൊഴുകി.

ആ സംഭവത്തിന്റെ വിശദാംശങ്ങൾ സീറത്തുൽ ഹൽബിയ്യഹിൽ ഇപ്രകാരം വരുന്നു: ഖയ്സ് ബിൻ അബൂ ഹാദിമ പറയുന്നു: ഉഹദ് ദിവസം ഹദ്റത്ത് തൽ ഹ ബിൻ ഉബൈദുല്ലായുടെ കൈയുടെ അവസ്ഥ ഞാൻ കണ്ടു. അദ്ദേഹം റസൂലുല്ലാഹ് ﷺ യെ അമ്പുകളിൽ നിന്ന് രക്ഷിച്ചതിന്റെ ഫലമായി അത് പ്രവർത്തനരഹി തമായി തീർന്നു. കുന്തം തറച്ചുവെന്നും പറയപ്പെടു ന്നുണ്ട്. എത്രമാത്രം രക്തം വാർന്നൊഴുകിയെന്നാൽ തളർന്ന് അദ്ദേഹം ബോധരഹിതനായി. ഹദ്റത്ത് അബൂ ബക്കർ വെള്ളം തളിച്ചപ്പോൾ അദ്ദേഹം ബോധാവസ്ഥ യിലേക്ക് വന്നു. ബോധം ലഭിച്ചയുടൻ അദ്ദേഹം ചോദി ച്ചു: റസൂലുല്ലാഹ് ﷺ ക്ക് എങ്ങനെയുണ്ട്.? ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തോടു പറഞ്ഞു: അവിടുന്ന് ക്ഷേമത്തിലാണ്. അദ്ദേഹം തന്നെയാണ് എന്നെ നിങ്ങ ളുടെ അടുത്തേക്കയച്ചത്. ഹദ്റത്ത് തൽഹ പറഞ്ഞു: അൽഹംദുലില്ലാഹ് കുല്ലു മുസീബത്തിൻ ബഅ്ദഹു ജറാ (كل مصيبة بعده جرا) എല്ലാ സ്തുതിയും അല്ലാഹു വിനാകുന്നു. നബിയുണ്ടെങ്കിൽ എല്ലാ പ്രയാസങ്ങളും നിസ്സാരമാകുന്നു.

ഹദ്റത്ത് സുബൈർ വിവരിക്കുന്നു; റസൂൽ ﷺ ഉഹദ് ദിവസം രണ്ടു പടച്ചട്ടകൾ അണിഞ്ഞിരുന്നു. അവിടുന്ന് പാറമുകളിൽ കയറാനായി ചെന്നു, എന്നാൽ പടച്ചട്ടകളുടെ ഭാരം കാരണത്താലും തലയിലും മുഖ ത്തും മുറിവ് ഉണ്ടായതിനാലും അങ്ങയ്ക്ക് കയറാൻ സാധിച്ചില്ല. റസൂൽ ﷺ ഹദ്റത്ത് തൽഹയെ താഴെ ഇരുത്തി. അദ്ദേഹത്തിനു മുകളിൽ ചവിട്ടിക്കൊണ്ട് പാറമുകളിൽ കയറി. ഹദ്റത്ത് സുബൈർ പറയുന്നു: ഞാൻ റസൂൽ ﷺ പറയുന്നതായി കേട്ടു: ഹദ്റത്ത് തൽ ഹ തനിക്കായി സ്വർഗം നിർബന്ധമാക്കിയിരിക്കുന്നു.

ഒരു നിവേദനത്തിൽ വരുന്നു: ഹദ്റത്ത് തൽഹയു ടെ ഒരു കാലിന് മുടന്ത് ഉണ്ടായിരുന്നു. അതുകാരണം നല്ലരീതിയിൽ അദ്ദേഹത്തിന് നടക്കാൻ സാധിച്ചിരു ന്നില്ല. ഉഹദ് ദിവസം അദ്ദേഹം നബി ﷺ യെ എടു ത്ത് ഉയർത്തിയപ്പോൾ നടത്തം നല്ലനിലയിൽ ആക്കു ന്നതിനായി പരിശ്രമിച്ചു. അതിനുവേണ്ടി അദ്ദേഹം തന്റെ കാല് നേരെ വെച്ചു. തന്റെ മടന്ത് മൂലം തിരു നബി ﷺ ക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനായിരുന്നു അങ്ങനെ ചെയ്തത്. അതിനുശേഷം എന്നെന്നേക്കുമാ യി അദ്ദേഹത്തിന്റെ മുടന്ത് ഇല്ലാതായി.

ആയിശയും ഉമ്മെ ഇസ്ഹാഖും ഹദ്റത്ത് തൽഹ യുടെ പെൺമക്കളായിരുന്നു. അവർ രണ്ടുപേരും പറ യുന്നു: ഉഹദ് ദിവസം ഞങ്ങളുടെ പിതാവിനു 24 മുറി വുകൾ ഉണ്ടായി. റസൂലുല്ലാഹ് ﷺ യുടെ മുന്നിലെ

രണ്ടു പല്ലുകൾ നഷ്ടപ്പെട്ടു. അങ്ങയുടെ മുഖത്തിലും മുറിവുണ്ടായി. അങ്ങയ്ക്കും ബോധക്ഷയം വന്നു. ഹദ്റത്ത് തൽഹ അങ്ങയെ എടുത്ത് തന്റെ മുതുകത്ത് വെച്ച് തിരിഞ്ഞു നടന്നു, ഏതെങ്കിലും ശത്രു മുന്നിൽ വന്നാൽ അദ്ദേഹം അവരുമായി ഏറ്റുമുട്ടി. അങ്ങനെ കുന്നിൻ ചരിവിലെത്തി. താങ്ങ് നല്കി അങ്ങയെ ഇരുത്തി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ ഈ സംഭവത്തിന്റെ വിശദീകരണം നല്കികൊണ്ട് പറയുന്നു: കുറച്ച് സഹാബാക്കൾ അതിവേഗത്തിൽ റസൂൽ ﷺ യുടെ സമീപത്ത് ഒത്തുകൂടി. അവിശ്വാസികൾ റസൂൽ ﷺ നിന്നിരുന്ന ഭാഗത്തേക്ക് അതിശക്തമായ ആക്രമണം അഴിച്ചുവിട്ടു. ഒരാൾക്ക് ശേഷം മറ്റൊരാൾ എന്ന നിലയിൽ സഹാബാക്കൾ അങ്ങയെ രക്ഷിച്ച്കൊണ്ട് മരിച്ചുവീണു. കൂടാതെ അമ്പെയ്ത്തുക്കാർ ഉയർന്ന സ്ഥാനത്ത് നിന്നുകൊണ്ട് റസൂലുല്ലാഹ് ﷺ യുടെ നേരെ തുരുതുരെ അമ്പുകൾ വർഷിച്ചുകൊണ്ടിരുന്നു. ആ സന്ദർഭത്തിൽ, എല്ലാ അമ്പുകളും റസൂൽ ﷺ യുടെ മുഖത്തേക്ക് ശത്രുക്കൾ വർഷിക്കുന്നത് കണ്ട ഹദ്റത്ത് തൽഹ, തന്റെ കൈ റസൂൽ ﷺ യുടെ മുഖത്തിനു മുമ്പാകെ വച്ചു. ലക്ഷ്യസ്ഥാനത്തേക്ക് എത്തിയ ഒരോ അമ്പും തൽഹയുടെ കൈയിൽ തുളച്ചു കയറി. എന്നാൽ ആത്മാർഥനും ധൈര്യശാലിയുമായ ആ സഹാബി തന്റെ കൈ ഒട്ടും ചലിപ്പിച്ചില്ല. അങ്ങനെ അമ്പുകൾ തറച്ചുണ്ടായ മുറിവുകളുടെ ആഴം കരണത്താൽ തൽഹയുടെ കൈ ചലനമറ്റുപോയി. പിന്നീട് ഒരു കൈ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വർഷങ്ങൾക്ക് ശേഷം നാലാം ഖിലാഫത്ത് കാലത്ത്, മുസ്‌ലിംകൾ പരസ്പരം യുദ്ധത്തിൽ ഏർപ്പെട്ടപ്പോൾ, ഏതോ ഒരു ശത്രു പരിഹസിച്ചുകൊണ്ട് തൽഹയെ ഒറ്റകയ്യൻ എന്ന് വിളിച്ചു. അതിൽ മറ്റൊരു സഹാബി പറഞ്ഞു: അതെ ഒറ്റകയ്യൻ തന്നെയാണ്. എന്നാൽ എത്ര അനുഗൃഹീതനായ ഒറ്റകയ്യനാണ്. നിങ്ങൾക്കറിയുമോ? തൽഹയുടെ കൈ റസൂലുല്ലാഹ് ﷺ യുടെ തിരുമുഖത്തെ രക്ഷിക്കുന്നതിനിടയിലാണ് അറ്റു പോയതാണ്. ഉഹദ് യുദ്ധത്തിനുശേഷം ആരോ തൽഹയോടു ചോദിച്ചു: അമ്പുകൾ അങ്ങയുടെ കയ്യിൽ തറച്ചപ്പോൾ വേദനയുണ്ടായില്ലേ? അങ്ങയുടെ വായിൽനിന്ന് യാതൊരു ശബ്ദവും പുറപ്പെട്ടില്ലേ? തൽഹ മറുപടി നല്കികൊണ്ടു പറഞ്ഞു: വേദനയും ഉണ്ടായിരുന്നു. ശബ്ദിക്കണമെന്നും ഉണ്ടായിരുന്നു. എന്നാൽ ഞാൻ ശബ്ദം ഉയർത്തിയില്ല. കാരണം അങ്ങനെ ചെയ്യുന്ന സമയത്ത് എന്റെ കൈ മാറി പോയാൽ, അമ്പ് റസൂലുല്ലാഹ് ﷺ തിരുമേനിയുടെ മുഖത്ത് പതിക്കുമായിരുന്നു.

ഹംറാഉൽ അസദ് (حمراء الاسد) യുദ്ധാവസരത്തിൽ പുറപ്പെട്ട സന്ദർഭത്തിൽ നബി ﷺ ഹദ്റത്ത് തൽഹയുമായി കണ്ടുമുട്ടി. നബി ﷺ അദ്ദേഹത്തോട് ചോദിച്ചു: തൽഹ! നിന്റെ ആയുധം എവിടെയാണ്? ഹദ്റത്ത് തൽഹ പറഞ്ഞു: അടുത്ത് തന്നെയാണ്. അതും പറഞ്ഞ്, വേഗത്തിൽ അവിടെനിന്നു പോയി. തന്റെ ആയുധവും എടുത്തുകൊണ്ട് വന്നു. എന്നാൽ തദവസരത്തിൽ തൽഹയുടെ നെഞ്ചിൽ മാത്രം 9 മുറിവുകൾ ഉണ്ടായിരുന്നു.

തബൂക് യുദ്ധാവസരത്തിൽ ചില കപടവിശ്വാസികൾ യഹൂദിയായ സുവയ്‌ലമിന്റെ വീട്ടിൽ ഒത്തുചേരുന്നതായി നബി ﷺ ക്ക് വിവരം ലഭിച്ചു. അവർ തബൂക് യുദ്ധത്തിനായി നബി ﷺ യോടൊപ്പം പോകുന്നതിൽ നിന്ന് ആളുകളെ തടഞ്ഞിരുന്നു. റസൂലുല്ലാഹ് ﷺ ഹദ്റത്ത് തൽഹയെ ഒരുസംഘം ആളുകളോടൊപ്പം ആ ഭാഗത്തേക്ക് അയച്ചു. സുവയ്‌ലമിന്റെ വീടിനു തീ കൊടുക്കുകയെന്ന കല്പനയും അവർക്ക് നല്കി. ഹദ്റത്ത് തൽഹ അപ്രകാരം തന്നെ ചെയ്തു. ളിഹാക് ബിൻ ഖലീഫ വീട്ടിന്റെ പിന്നിലൂടെ കടന്നുകളഞ്ഞു. അതിനിടയിൽ അയാളുടെ കാൽ ഒടിഞ്ഞു. അയാളുടെ മറ്റു കൂട്ടാളികളും ഓടി കളഞ്ഞു. ഹദ്റത്ത് അലി വിവരിക്കുന്നു: എന്റെ രണ്ട് ചെവികളും റസൂലുല്ലാഹ് ﷺ ഇപ്രകാരം പറയുന്നതായി കേട്ടിട്ടുണ്ട്, തൽഹയും സുബൈറും സ്വർഗത്തിൽ എന്റെ രണ്ട് അയൽവാസികളായിരിക്കും.

ഹദ്റത്ത് സഈദ് ബിൻ സയ്ദ് വിവരിക്കുന്നു: ഞാൻ 9 ആളുകളെ സംബന്ധിച്ച് അവർ സ്വർഗവാസികളായിരിക്കുമെന്ന് സാക്ഷ്യം വഹിക്കുന്നു. ഞങ്ങൾ റസൂലുല്ലാഹ് ﷺ യോടൊപ്പം ഹിറാ പർവ്വതിലായിരുന്നപ്പോൾ അത് കുലുങ്ങി. അതിൽ നബി ﷺ പറഞ്ഞു: അടങ്ങി നിൽകൂ അല്ലയോ ഹിറാ! ഇപ്പോൾ നിന്റെ മേൽ നബി, സിദ്ദീഖ് അല്ലെങ്കിൽ ശഹീദല്ലാത്ത ആരും തന്നെയില്ല. ആളുകൾ ചോദിച്ചു: അവർ ആരൊക്കെയാണ്? അപ്പോൾ ഹദ്റത്ത് സഈദ് പറഞ്ഞു: റസൂൽ ﷺ, അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, തൽഹ, സുബൈർ, സഅദ്, അബ്ദുറഹ്മാൻ ബിൻ ഔഫ്. അവർ ചോദിച്ചു, പത്താമൻ ആരാണ്? അദ്ദേഹം കുറച്ച് സമയം കഴിഞ്ഞതിനുശേഷം പറഞ്ഞു: അത് ഞാനാണ്.

ഹദ്റത്ത് സയീദ് ബിൻ ജുബൈർ വിവരിക്കുന്നു: ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് അലി, ഹദ്റത്ത് തൽഹ, ഹദ്റത്ത് സുബൈർ, ഹദ്റത്ത് സഅദ്, ഹദ്റത്ത് അബ്ദുറഹ്മാൻ, ഹദ്റത്ത് സഈദ് ബിൻ സയ്ദ് എന്നിവരുടെ സ്ഥാനം എപ്രകാരമെന്നാൽ, യുദ്ധമൈതാനത്ത് റസൂൽ ﷺ യുടെ തൊട്ടു മുന്നിൽ നിന്നു പോരാടുകയും നമസ്കാരം അവർ അങ്ങയുടെ തൊട്ടുപിന്നിൽ നിർവഹിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് വിവരിക്കുന്നു: റസൂലുല്ലാഹ് ﷺ പറഞ്ഞു: ആരെങ്കിലും ശഹീദ് നടക്കുന്നതായി കാണുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ തൽഹ ബിൻ ഉബൈദുല്ലായെ നോക്കി കൊള്ളുക. ഹദ്റത്ത് മൂസ ബിൻ തൽഹയും ഹദ്റത്ത് ഈസാ ബിൻ തൽഹയും അവരുടെ പിതാവായ ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലായിൽ നിന്ന് നിവേദനം ചെയ്യുന്നു: ഒരു അനറബി നബി ﷺ യോടു ചോദിച്ചു: മൻ ഖളാ നഹ്ബുഹു (من قضى نحبه)

എന്നതിന്റെ സാക്ഷാത്കാരം ആരാണ്. അയാൾ അത് മൂന്ന് തവണ ആവർത്തിച്ചു. നബി ﷺ എന്നെ (ഹദ്റത്ത് തൽഹയെ) കാണിച്ചുകൊണ്ടു പറഞ്ഞു: അദ്ദേഹമാണ് **മൻ ഖളാ നഹ്ബുഹു** എന്നതിന്റെ സാക്ഷാത്കാരം.

അബ്ദുറഹ്മാൻ ബിൻ ഉസ്മാൻ പറയുന്നു: ഒരിക്കൽ ഞങ്ങൾ ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലായുടെ കൂടെ ഇഹ്റാം അണിഞ്ഞിരുന്നു. അപ്പോൾ ആരോ ഞങ്ങളുടെ അടുത്ത് ഒരു പക്ഷിയെ പാരിതോഷികമെന്ന നിലയിൽ കൊണ്ടുവന്നു. ഹദ്റത്ത് തൽഹ പറഞ്ഞു: ഞങ്ങൾ ഇഹ്റാമിന്റെ അവസ്ഥയിൽ മറ്റുള്ളവർ വേട്ടയാടിയത് നബി ﷺ തിരുമേനിയുടെ മുന്നിലും ഭക്ഷിക്കുമായിരുന്നു.

ഹദ്റത്ത് ഉമർ മോചിപ്പിച്ച അടിമ, അസ്‌ലം നിവേദനം ചെയ്യുന്നു: ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലായുടെ ശരീരത്തിൽ ഹദ്റത്ത് ഉമർ രണ്ട് വസ്ത്രങ്ങൾ കണ്ടു. അത് ചുവന്ന മണ്ണിന്റെ നിറത്തിലായിരുന്നു. അദ്ദേഹവും ഇഹ്റാമിന്റെ അവസ്ഥയിലുമായിരുന്നു. ഹദ്റത്ത് ഉമർ അദ്ദേഹത്തോടു പറഞ്ഞു: അല്ലയോ സഹാബാക്കാളുടെ ജമാഅത്ത്! നിങ്ങൾ ഇമാം ആകുന്നു. ആളുകൾ നിങ്ങളെ പിൻപറ്റുന്നതാണ്. വല്ല ജാഹിലും നിങ്ങളുടെ ദേഹത്ത് ഈ രണ്ട് വസ്ത്രങ്ങളും കണ്ടാൽ ഇപ്രകാരം പറയുന്നതാണ്, തൽഹ നിറമുള്ള വസ്ത്രം ഇഹ്റമിന്റെ അവസ്ഥയിൽ ധരിച്ചിരുന്നു. പറഞ്ഞു: ഇഹ്റാം ധരിക്കുന്നവർക്കായുള്ള ഉത്തമ വസ്ത്രം വെള്ളയാകുന്നു. അതുകൊണ്ട് ജനങ്ങളെ സന്ദേഹത്തിൽ അകപ്പെടുത്തരുത്.

ഹദ്റത്ത് തൽഹയുടെ ശഹാദത്ത് ജമൽ യുദ്ധത്തിലാണ് സംഭവിക്കുന്നത്. ഖയ്സ് ബിൻ അബൂഹാസിം നിവേദനം ചെയ്യുന്നു: മർവാൻ ബിൻ ഹകം, ജമൽ യുദ്ധത്തിൽ ഹദ്റത്ത് തൽഹയുടെ കാൽമുട്ടിൽ അമ്പെയ്തു. ഞരമ്പ് മുറിഞ്ഞ് രക്തം വാർന്നഴുകാൻ തുടങ്ങി. കൈകൊണ്ട് പിടിക്കുമ്പോൾ രക്തം നിലക്കും. വിടുമ്പോൾ വീണ്ടും ഒഴുകും. ഹദ്റത്ത് തൽഹ പറഞ്ഞു: അല്ലാഹുവിനെകൊണ്ട് സത്യം! ഇതുവരെ നമ്മുടെ അടുത്ത് അവരുടെ അമ്പുകൾ എത്തിയിട്ടില്ല. പിന്നീട് പറഞ്ഞു: മുറിവിനെ വിടുക കാരണം ഈ അമ്പ് അല്ലാഹു അയച്ചതാണ്. ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലാഹ് ജമൽ യുദ്ധ ദിവസം 36 ഹിജ്രി ജമാദുസ്സാനി 10 ന് ശഹീദാക്കപ്പെട്ടു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ വയസ്സ് 64 ആയിരുന്നു. മറ്റൊരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 62 എന്നും പറയപ്പെടുന്നു.

ഹദ്റത്ത് തൽഹയ്ക്ക് ഇറാഖിന്റെ ഭൂമിയിൽ നാല് - അഞ്ച് ലക്ഷം ദിനാറിന്റെ മൂല്യമുള്ള ധാന്യം ലഭിച്ചിരുന്നു. സറാ പ്രദേശത്തുനിന്ന് കുറഞ്ഞത് പതിനായിരം ദീനാറിന്റെ മൂല്യമുള്ള ധാന്യവും ലഭിക്കുമായിരുന്നു. ബനൂ തയ്യമിൽ അദ്ദേഹത്തിൽനിന്നോ അദ്ദേഹത്തിന്റെ കുടുംബത്തിൽനിന്നോ സഹായം കരസ്ഥമാക്കാത്ത ഒരു ആവശ്യക്കാരനും ഉണ്ടായിരുന്നില്ല. അതുപോലെ വിധവയുടെ വിവാഹം കഴിപ്പിക്കാത്തതായോ, ഞെരുക്കത്തിൽ അകപ്പെട്ടവർക്ക് സേവകനെ നൽകാത്തതായോ, കടകാരന്റെ കടം വീട്ടാത്തതായോ ഉണ്ടായിട്ടില്ല. കൂടാതെ എല്ലാ വർഷവും അദ്ദേഹത്തിന്റെ ധാന്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനത്തിൽനിന്ന് പതിനായിരം ദിർഹം ഹദ്റത്ത് ആയിശയ്ക്ക് നൽകുമായിരുന്നു. ഹദ്റത്ത് മുആവിയ, മൂസാ ബിൻ തൽഹയോടു ചോദിച്ചു: അബൂ മുഹമ്മദ് അതായത് ഹദ്റത്ത് തൽഹ ബിൻ ഉബൈദുല്ലാഹ് എത്ര പണമാണ് ഉപേക്ഷിച്ചത്? അദ്ദേഹം പറഞ്ഞു: 22 ലക്ഷം ദിർഹമും 2 ലക്ഷം ദീനാറും. ജമൽ യുദ്ധത്തിലാണ് അദ്ദേഹം ശഹീദാക്കപ്പെട്ടത്. അതിന്റെ വിശദീകരണം ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഹസൂർ തിരുമനസ്സ് പറയുന്നു: ഇനി ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്നു, ഇന്ന് കൊറോണ വൈറസിലൂടെ പടർന്നുപിടിച്ചിരിക്കുന്ന പകർച്ചവ്യാധിക്കായി പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതാണ്. പള്ളിയിൽ വരികയാണെങ്കിൽ തന്നെ സൂക്ഷ്മത പാലിക്കുക. പനിയോ മറ്റോ നേരിയ തോതിലാണെങ്കിലും ശരി പൊതു സ്ഥലങ്ങളിൽ പോകാതിരിക്കുക. സ്വയം രക്ഷപ്പെടുക. മറ്റുള്ളവരെയും സംരക്ഷിക്കുക. അല്ലാഹു ലോകത്തെ ഈ ആപത്തിൽനിന്ന് രക്ഷിക്കുന്നതിനായി ദുആയിലേക്കും കൂടുതലായി ശ്രദ്ധിക്കുക.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 13.03.2020
Malayalam Translation: **Moulavi Hashim Ashraf Alappuzha** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516